**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിലെ മുള്ളങ്കൊല്ലി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണമടഞ്ഞ ശ്രീനിവാസൻ വട്ടക്കുന്നേലിന്റെ മകനും ആശ്രിതനുമായ ശ്രീ. കശ്യപ് എസ്.നെ വയനാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

======================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(കൈ) നം.118/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 20.06.2017

======================================================================

പരാമർശം : 1) ജി.ഒ. (പി) നം. 12/99/പി&എ ആർ.ഡി തീയതി. 24.5.1999.

2) ശ്രീ. കശ്യപ് എസ്.ന്റെ 01.06.2015-ലെ അപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 28.03.2016-ലെ E14-27710/2015 നം. കത്ത്.

4) വയനാട് ജില്ലാ കളക്ടറുടെ 13.12.2016-ലെ 2016/4279/12/എ 7 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ മുള്ളങ്കൊല്ലി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണമടഞ്ഞ ശ്രീനിവാസൻ വട്ടക്കുന്നേലിന്റെ മകനും ആശ്രിതനുമായ ശ്രീ. കശ്യപ് എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ മുഖേന പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു.

മുള്ളങ്കൊല്ലി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ ശ്രീനിവാസൻ വട്ടക്കുന്നേൽ .02.04.2014-ലാണ് നിര്യാതനാവുന്നത്. മരണപ്പെടുന്ന സമയത്ത് ടിയാൻ 25 വർഷവും 8 മാസവും 18 ദിവസവും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. അപേക്ഷകനായ ശ്രീ. കശ്യപ് എസ്. നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ മാതാവ്, ഭാര്യ, മകൾ, മകൻ (അപേക്ഷകൻ) എന്നിവർ ഉൾപ്പെടുന്ന നാല് അനന്തരാവകാശികളാണ് പരേതനുള്ളത്. അപേക്ഷകനായ ശ്രീ. കശ്യപിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതമാണെന്ന് പരേതന്റെ മാതാവും, ഭാര്യയും, മകളും സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനന തീയതി 02.05.1997 ആണ്. അപേക്ഷകന് 18 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 3,71,768/- രൂപയാണ്. അപേക്ഷകൻ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ വയനാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്. പഞ്ചായത്ത് ഡയറക്ടറും, വയനാട് ജില്ലാ കളക്ടറും ശ്രീ. കശ്യപ് എസ്. സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണമടഞ്ഞ ശ്രീനിവാസൻ വട്ടക്കുന്നേലിന്റെ മകനും ആശ്രിതനുമായ ശ്രീ. കശ്യപ് എസ്.ന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

അപേക്ഷകൻ തിരഞ്ഞെടുത്ത ജില്ലയിൽ നിയമനം നൽകാൻ നിലവിലുള്ളതോ/ഉടനെ ഉണ്ടാവുന്നതോ ആയ ഒഴിവില്ലായെങ്കിൽ ഒഴിവുള്ള മറ്റ് ജില്ലയിൽ നിയമിക്കേണ്ടതും ടിയാൻ തിരഞ്ഞെടുത്ത ജില്ലയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ എത്രയും വേഗം സ്ഥലംമാറ്റം അനുവദിക്കേണ്ടതുമാണ്.

പരേതനായ ശ്രീനിവാസൻ വട്ടക്കുന്നേലിന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിലോ, ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിലോ, തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. കശ്യപ് എസ്, വട്ടക്കുന്നേൽ ഹൗസ്, പുൽപ്പള്ളി പി.ഒ, സുൽത്താൻ ബത്തേരി, വയനാട് പിൻ.673 579 (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, വയനാട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
6. ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ